ഉത്തരം

(എ, ബി) സംസ്ഥാനത്ത് ഒരുദേശീയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. സാമ്പത്തിക ഞെരുക്കംമൂലം ഇതു സംബന്ധിച്ച നടപടികളും കേന്ദ്രം നിർത്തിവച്ചിരിക്കുകയാണ്.

ആയുർവ്വേദ കോളേജിലെ ബിരുദ-ബിരുദാനന്തര പഠനങ്ങളും യോജിപ്പിച്ച് പ്രവർത്തിപ്പിക്കണമെന്ന നിർദ്ദേശം

1119 [2048] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജിലെ ബിരുദ-ബിരുദാനന്തര പഠനങ്ങളും ഒരേ അധികാരിയുടെ കീഴിൽ യോജിപ്പിച്ച് പ്രവർത്തിപ്പിക്കണമെന്നു സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കിയോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) അണ്ടർ ഗ്രാഡുവേറ്റ് പഠന സൗകര്യമുള്ളിടത്തു മാത്രമേ ബിരുദാനന്തര പഠനം ഏർപ്പെടുത്താവൂ എന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി, ഡി) ഇക്കാര്യം സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിനുമായി ആലോചിച്ചു വരികയാണ്.

ആയുർവ്വേദ ബിരുദാനന്തര കോഴ്സ്

1120 [2049] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ബിരുദാനന്തര കോഴ്സിലേക്ക് (എം. ഡി. ആയുർവ്വേദം) പൂജപ്പുരയിലുള്ള പി. ജി. സെൻററിൽ കോളേജ് അദ്ധ്യാപകർക്ക് സീററുകളും സംവരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ബി) ഈ കോഴ്സിന് ഈ വർഷം ഗവൺമെൻറ് കോളേജുകളിലെ അദ്ധ്യാപകർക്കു പ്രവേശനം നിഷേധിക്കുകയുണ്ടായോ;

(സി) എങ്കിൽ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly